# കഥയില്ലായ്മയുടെ കഥകൾ

**മായിൻകുട്ടി സുല്ലമി**

'അധികമായാൽ അമൃതും വിഷം' എന്നാണല്ലോ ചൊല്ല്. നല്ലതായാലും അധികമായാൽ അപകടം. അത് തിന്മയാണെങ്കിൽ പറയേണ്ടതുമില്ല. തബ്‌ലീഗുകാർ കഥകളെകൊണ്ട് ഇസ്ലാം മതത്തെ മുക്കിപ്പൊരിക്കുകയാണ്. ഗുണപാഠം ഇല്ലാത്തതും, ഖുറാഫാത്ത് നിറഞ്ഞതും, ബുദ്ധിക്കും മതത്തിനും അനുസൃതമല്ലാത്തതുമായ ഭീകരകഥകൾ ഭക്തിയുടെ മറവിൽ അവർ കയറ്റിക്കൂട്ടുന്നത് എന്തൊക്കെയാണെന്ന് ചിന്തിക്കണം. 'നമസ്കാരത്തിന്റെ മഹത്വങ്ങളിൽ' മാരകങ്ങളായ കഥകളുടെ കൂട്ടത്തിൽ ഒന്ന് ഇപ്രകാരം വായിക്കാം. ''ഹള്‌റത്ത് ഉമ്മുകുൽസും ബീവിയുടെ ഭർത്താവ് ഹള്‌റത്ത് അബ്ദുർഹ്മാൻ (റ.അ) രോഗശയ്യയിൽ ആയിരുന്നു. ഒരു പ്രാവശ്യം രോഗം വളരെ കഠിനമാവുകയും തണുത്ത് തളരുകയും ചെയ്തു. എല്ലാവരും അദ്ദേഹം മരിച്ചുപോയിരിക്കുമെന്ന തീരുമാനത്തിലെത്തി. ഉടനെത്തന്നെ ഉമ്മുകുൽസും ബീവി എഴുന്നേറ്റ് നമസ്കാരത്തിൽ നിന്നും വിരമിച്ചപ്പോൾ അബ്ദുർഹ്മാൻ(റ)ന് ബോധമുണ്ടായി. അദ്ദേഹം അടുത്തിരുന്ന ആളുകളെ നോക്കി ഞാൻ മരിച്ച അവസ്ഥയിൽ ആയിരുന്നോ? എന്ന് ചോദിച്ചു. അവർ 'അതെ' എന്നുത്തരം പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ അടുക്കൽ രണ്ട് മലക്കുകൾ വന്ന് നടക്കുക? അഹ്കമുൽ ഹാകിമീൻ ആയ അല്ലാഹുവിന്റെ സന്നിധിയിൽ നിങ്ങളുടെ തീരുമാനമെടുക്കേണ്ട സമയമായിരിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് എന്നെ കൂട്ടിക്കൊണ്ട് പോകാനൊരുങ്ങി. അപ്പോൾ മറ്റൊരു മലക്ക് വന്നിട്ട് നിങ്ങൾ ഇദ്ദേഹത്തെ വിട്ടിട്ട് പോവുക! ഇദ്ദേഹം മാതാവിന്റെ ഗർഭത്തിൽ ആയിരുന്നപ്പോൾ തന്നെ ഭാഗ്യവാൻമാരുടെ കൂട്ടത്തിൽ എഴുതപ്പെട്ട ആളാണ്. ഇദ്ദേഹത്തിന്റെ സന്തതികൾക്ക് ഇനിയും ഈ ആളിൽ നിന്ന് പ്രയോജനം ഉണ്ടാകേണ്ടതുണ്ട് എന്ന് പറഞ്ഞു. ഈ സംഭവത്തിനുശേഷം ഒരുമാസം അദ്ദേഹം ജീവിച്ചിരിക്കുകയും പിന്നീട് അന്തരിക്കുകയും ചെയ്തു.'' (പേജ് 13, 14) മലക്കുകളെയാണ് പിടികൂടിയിരിക്കുന്നത്. രണ്ട് മലക്കുകൾക്ക് തെറ്റുപറ്റി എന്നാണ് തബ്‌ലീകുകാരൻ പറയുന്നത്. എന്താ ഇത് കുട്ടിക്കളിയോ? എന്തിനാണ് ഇത്തരം കഥകൾ ചമയ്ക്കുന്നത്?

കഅ്ബയെയും ഹജ്ജിനെയും കൊച്ചാക്കിക്കൊണ്ട് ഒരു കഥ കാച്ചുന്നു. ''ഹള്‌റത്ത് മാലിക്കിബ്നുദീനാർ (റഹ്) പറയുന്നു. ഞാൻ ഹജ്ജിനു പോവുകയായിരുന്നു. വഴിയിൽ വച്ച് ഒരു യുവാവ് കാൽനടയായി പോകുന്നത് കണ്ടു. അദ്ദേഹത്തിന്റെ കൂട്ടത്തിൽ വാഹനമോ, ഭക്ഷണപാനീയങ്ങളോ ഉണ്ടായിരുന്നില്ല. ഞാൻ അദ്ദേഹത്തിന് സലാം പറയുകയും, അദ്ദേഹം സലാം മടക്കുകയും ചെയ്തശേഷം ഞാൻ അദ്ദേഹത്തോട് എവിടെനിന്നും വരികയാണെന്ന്? ചോദിച്ചു. അദ്ദേഹം അവന്റെ അടുക്കൽനിന്നും വരികയാണ് അതിനുത്തരം പറഞ്ഞു. എവിടെ പോവുകയാണെന്ന് ചോദിച്ചതിന് അവന്റെ അടുക്കൽ തന്നെ പോവുകയാണെന്ന് പറഞ്ഞു. വഴിച്ചിലവിനുള്ള സാധനം എവിടെ?

എന്ന് ചോദിച്ചപ്പോൾ, അത് അവന്റെ തന്നെ ഉത്തരവാദിത്വത്തിലാണ് എന്ന് മറുപടി പറഞ്ഞു. ഞാൻ പറഞ്ഞു: ചെലവിനുള്ള വകയില്ലാതെ ഈ വഴി കടന്നുപോകാൻ സാധിക്കുകയില്ല നിങ്ങളുടെ കൈവശം എന്തുണ്ട്? അദ്ദേഹം പറഞ്ഞു: ഞാൻ യാത്രയുടെ ആരംഭത്തിൽ തന്നെ അഞ്ച് അക്ഷരങ്ങൾ യാത്രച്ചിലവിന് വേണ്ടി കൈവശം വച്ചിട്ടുണ്ട്. ആ അഞ്ച് അക്ഷരങ്ങൾ ഏതാണ്? എന്ന് ഞാൻ ചോദിച്ചപ്പോൾ, അത് അല്ലാഹുവിന്റെ വചനമായ കാഫ്-ഹാ-യാ-ഐൻ-സ്വാദ് ആണെന്ന് പറഞ്ഞു. അതിന്റെ അർത്ഥം എന്താണ് എന്ന് ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. കാഫ് എന്നതിന്റെ അർത്ഥം - എല്ലാറ്റിനും മതിയായവൻ - ഹാഅ് എന്നതിന്റെ അർത്ഥം 'ഹാദി' - ഹിദായത്ത് നൽകുന്നവൻ, 'യാഅ്' എന്നതിന്റെ അർത്ഥം 'മുഅ്വി' അവലംബം നൽകുന്നവൻ, 'അയ്ൻ' എന്നതിന്റെ അർത്ഥം 'ആലിം' എല്ലാ കാര്യങ്ങളും അറിയുന്നവൻ 'സ്വാദ്' എന്നതിന്റെ അർത്ഥം 'സ്വാദിഖ്' തന്റെ വാഗ്ദാനം നിറവേറ്റുന്നവൻ എന്നും ആണ്. അപ്പോൾ ഏതൊരുവന്റെ കൂട്ടത്തിൽ എല്ലാറ്റിനും മതിയായവനും ഹിദായത്ത് നൽകുന്നവനും അവലംബം നൽകുന്നവനും എല്ലാ കാര്യങ്ങളും അറിയുന്നവനും വാഗ്ദാനം നിറവേറ്റുന്നവനും ആയവൻ ഉണ്ടായിരിക്കുന്നുവോ അവന് എങ്ങനെ നാശമാകാൻ സാധിക്കും? അല്ലെങ്കിൽ അവന് എന്ത് കാര്യത്തെക്കുറിച്ച് ഭയപ്പെടേണ്ടി യിരിക്കുന്നു? എന്താ ഇപ്രകാരമുള്ള മനുഷ്യനും യാത്രയിൽ ഭക്ഷണപാനീയങ്ങൾ കൂട്ടത്തിൽ കൊണ്ടുപോകണമോ?

അതിനുശേഷം ജനങ്ങൾ ഇഹ്റാം കെട്ടുകയും ലബ്ബൈക പറയുകയും ചെയ്തപ്പോൾ, അദ്ദേഹം മൗനമായിരിക്കുകയായിരുന്നു. ഞാൻ അദ്ദേഹത്തോട് നിങ്ങൾ ലബ്ബൈക ചൊല്ലിയില്ലല്ലോ? എന്ന് പറഞ്ഞപ്പോൾ അദ്ദേഹം ഇപ്രകാരം മറുപടി പറഞ്ഞു. ഞാൻ ലബ്ബൈക പറയുകയും അതിന് മറുപടിയായി 'ലാലബ്ബൈക വലാസഅ്ദൈക' നിന്റെ ലബ്ബൈക പരിഗണിക്കപ്പെടുന്നതല്ല. സഅ്ദൈക്കയും പരിഗണിക്കപ്പെടുന്നതല്ല. ഞാൻ നിന്റെ വർത്തമാനം കേൾക്കുന്നുമില്ല. നിന്റെ ഭാഗത്തേക്ക് തിരിയുന്നുമില്ല എന്ന് പറയപ്പെടുകയും ചെയ്യുമോ എന്ന് ഞാൻ ഭയപ്പെടുന്നു.

അദ്ദേഹത്തെ മിനായിൽ വച്ച് കണ്ടുമുട്ടി. അദ്ദേഹം ചില ഗാനങ്ങൾ ചൊല്ലി.... ജനങ്ങൾ അവരുടെ ശരീരം കൊണ്ട് കഅ്ബാ ഷരീഫിനെ ത്വവാഫ് ചെയ്തുകൊണ്ടിരിക്കുന്നു. എന്നാൽ അവർ അല്ലാഹുവിന്റെ പരിശുദ്ധ ദാത്തിനെ ത്വവാഫ് ചെയ്യുകയാണെങ്കിൽ ഹറമും അവർക്ക് ആവശ്യമല്ലാതാകും. പെരുന്നാൾ ദിനമാകുമ്പോൾ ആടുമാടുകളെ ബലി അറുക്കുന്നു. എന്നാൽ പ്രേമിക്കുന്നവൻ തന്റെ ജീവനെ ആ ദിവസത്തിൽ ബലി കൊടുക്കുന്നു. ജനങ്ങൾ ഹജ്ജ് ചെയ്തു. എന്റെ ഹജ്ജ് എന്റെ അടങ്ങി ഇരിക്കൽ കൊണ്ടാണ്. ജനങ്ങൾ ഖുർബാനികൾ അറുത്ത് കൊടുക്കുന്നു. ഞാൻ എന്റെ രക്തവും ജീവനും കൊണ്ട് ബലികൊടുക്കുന്നു. അതിന് ശേഷം..... അദ്ദേഹം അട്ടഹസിക്കുകയും മയ്യത്തായി വീഴുകയും ചെയ്തു.

മാലിക് (റഹ്) പറയുന്നു. ഞാൻ അദ്ദേഹത്തെ കുളിപ്പിച്ച് കഫൻ ചെയ്യുകയും രാത്രിയെല്ലാം ഈ ആലോചനയിൽ പരിഭ്രാന്തനായിട്ട് ചിന്താകുലനായിരിക്കുക യായിരുന്നു. ഇതിനിടയിൽ കണ്ണടഞ്ഞുപോവുകയും സ്വപ്നത്തിൽ അദ്ദേഹത്തെ കാണുകയും ചെയ്തു. നിങ്ങളോട് ഏത് നിലയിലുള്ള പെരുമാറ്റമാണുണ്ടായിരിക്കുന്നത്? എന്ന് ഞാൻ അദ്ദേഹത്തോട് ചോദിച്ചപ്പോൾ, ബദറിലെ ശുഹദാക്കളുടെ കൂട്ടത്തിൽ ആക്കിയിരിക്കുകയാണ്, അതിൽ അൽപം കുടുതലും നൽകിയിരിക്കുകയാണ്,

എന്നുപറഞ്ഞു. കൂടുതൽ നൽകാനുള്ള കാരണമെന്താണ്? എന്ന് ഞാൻ ചോദിച്ചപ്പോൾ അവർ കാഫിറുകളുടെ വാളുകൾകൊണ്ട് ഷഹീദാക്കപ്പെട്ടവരും, ഞാൻ ഉടമസ്ഥനോടുള്ള സ്നേഹമാകുന്ന വാൾകൊണ്ട് വധിക്കപ്പെട്ടവനുമാണ്'' എന്ന് മറുപടി പറഞ്ഞു. (ഹജ്ജിന്റെ മഹത്വങ്ങൾ പേ. 430-433)

അല്ലാഹുവിന്റെ ദാത്തിനെ എങ്ങിനെയാണ് ത്വവാഫ് ചെയ്യുക. തബ്ലീഗുകാർ പറയണം. ഹജ്ജിലെ കർമങ്ങൾ നിർവഹിക്കാതെ അവഗണിച്ചയാൾ ബദ്‌രീങ്ങളെക്കാളും പദവി ഉയർന്നത്രെ!! ഇതൊക്കെ എന്തിന്റെ സൂചനയാണ്? കഅ്ബയെയും ഹജ്ജ് കർമത്തെയും സൂഫികൾ കളിയാക്കുന്നു.

സൂഫി ജുനൈദിന്റെ കഥ തൊട്ടുമുകളിൽ കാണാം. അദ്ദേഹം ത്വവാഫ് ചെയ്യുമ്പോൾ ഒരു യുവതിയും ത്വവാഫ് ചെയ്യുന്നു. ഇശ്ഖ് ഗാനം പാടി. ജുനൈദ് പറയുന്നു. ഞാൻ അവളോട് ഹേ, പെണ്ണേ! നീ അല്ലാഹുവിനെ ഭയപ്പെടുന്നില്ലേ? ഇത്രയും അനുഗ്രഹീതമായ സ്ഥലത്ത് വെച്ച് ഈ രീതിയിലുള്ള ഗാനങ്ങൾ ആലപിക്കുകയാണോ? എന്ന് ചോദിച്ചു. ഉടനെ അവൾ എന്റെ നേരെ തിരിഞ്ഞു. ഇപ്രകാരം പറയാൻ തുടങ്ങി. അതിന് ശേഷം അവൾ എന്നോട് ജുനൈദേ, നിങ്ങൾ അല്ലാഹുവിനെ ത്വവാഫ് ചെയ്യുന്നോ? അതോ, ബൈതുല്ലാഹിയെ ത്വവാഫ് ചെയ്യുന്നോ? എന്ന് ചോദിച്ചു. ഞാൻ ബൈതുല്ലാഹിശ്ശരീഫിനെയാണ് ത്വവാഫ് ചെയ്യുന്നത് എന്നുത്തരം പറഞ്ഞപ്പോൾ, അവർ തന്റെ മുഖം ആകാശത്തിന് നേരെയാക്കിക്കൊണ്ട് പറഞ്ഞു. സുബ്ഹാനല്ലാഹ്! നിന്റെ ഏതൊരു ആശ്ചര്യകരമായ വേണ്ടുകയാണിത്. കല്ല് പോലെയുള്ള സൃഷ്ടികൾ കല്ലിനെ ത്വവാഫ് ചെയ്തുകൊണ്ടിരിക്കുന്നു.'' (അ.പു.പേ. 427, 428)

എന്താണീ പറയുന്നത്? തബ്ലീഗുകാരെ നിങ്ങൾ എങ്ങനെയാണ് ഹജ്ജ് ചെയ്യാറുള്ളത്? നിങ്ങൾക്ക് ത്വവാഫ് ഇല്ലേ? അല്ലാഹുവിനെയാണോ ത്വവാഫ് ചെയ്യാറുള്ളത്? പൂവൻപഴം കൊണ്ട് കഴുത്ത് അറക്കുന്ന ഏർപ്പാടാണിത്. കഅ്ബയെ കുറിച്ച് എന്താണീ കൂട്ടർ പ്രചരിപ്പിക്കുന്നത്. സൂഫിക്കഥകൾ വിഴുങ്ങാൻ പോയാൽ ഇതിലപ്പുറവും പറയും.

ഇവരുടെ കഥകളിൽ മരണം പോലും കുട്ടിക്കളിയാണ്. ഇവരുടെ ശൈഖന്മാർ മരണസമയം മുൻകൂട്ടി അറിയും. മരിച്ചാലും ജീവിച്ചിരിക്കും. കളിയും ചിരിയും ഓത്തും പാട്ടും, യാത്രയും സഹായവുമെല്ലാം മരിച്ചവർ നടത്തും. ''ഹള്റത്ത് അബൂ സഈദുഖസ്സാസ് (റഹ്) പറയുന്നു. ഞാൻ മക്കാ മുകർറമയിൽ ആയിരുന്നപ്പോൾ ഒരു പ്രാവശ്യം ബാബുബനുശൈബയിൽ കൂടി കടന്നുപോയി. അവിടെ ഒരു യുവാവിന്റെ ജനാസ വച്ചിരിക്കുന്നതായിക്കണ്ടു. നല്ല സൗന്ദര്യമുള്ള മുഖം. ഞാൻ മുഖത്തേക്ക് സൂക്ഷിച്ചുനോക്കിയപ്പോൾ അദ്ദേഹം പുഞ്ചിരിച്ചുകൊണ്ട് ഓ! അബൂസഈദ്! ആശിഖുകൾ (അല്ലാഹുവിനെ അധികമായി പ്രേമിക്കുന്നവർ) മരിക്കുകയില്ല. എന്നും ജീവിച്ചിരിക്കുന്നവരാണ്. ബാഹ്യമായി അവർ മരിക്കുന്നുണ്ടെങ്കിലും, അവരുടെ മരണം ഒരു ലോകത്തുനിന്നും മറ്റൊരു ലോകത്തേക്ക് നീങ്ങാൻ മാത്രമാണ് എന്ന് നിങ്ങൾക്കറിയില്ലേ? എന്ന് ചോദിച്ചു.

ശൈഖ് അബൂയഅ്ഖൂബ് സനൂസി(റഹ്) പറയുന്നു. എന്റെയടുക്കൽ ഒരു മുരീദ് മക്കാ മുകർറമയിൽ വന്നിട്ട് പറഞ്ഞു. ഉസ്താദേ! ഞാൻ ളുഹർ സമയത്ത് മരിക്കും. ഈ അശ്റഫികൾ കൈയ്യിൽ വെച്ചേക്കണം. ഇതിൽനിന്നും പകുതി ഖബർ കുഴിക്കുന്നവന് കൂലി കൊടുക്കുകയും പകുതി കഫൻ വാങ്ങുന്നതിനും മറ്റും ഉപയോഗിക്കുകയും

ചെയ്യണം. പിറ്റേദിവസം ളുഹർ സമയം അദ്ദേഹം മസ്ജിദിൽ വരികയും ത്വവാഫ് ചെയ്തിട്ട് അൽപം ദൂരെപോയി മരിക്കുകയും ചെയ്തു. ഖബറിൽ കൊണ്ടുവെച്ചപ്പോൾ അദ്ദേഹം കണ്ണ് തുറന്നു. മരിച്ചതിന് ശേഷം ജീവിച്ചിരിക്കുകയാണോ എന്ന് ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ങ്ഹാ! ഞാൻ ജീവിച്ചിരിക്കുകയാണ്. അല്ലാഹുവിന്റെ എല്ലാ ആശിക്കുകളും ജീവിച്ചിരിക്കുകയാണ്. (ഹജ്ജിന്റെ മഹത്വങ്ങൾ പേ. 186) ഇതുപോലെ അനവധി കഥകളുണ്ട്. എന്തിനാണ് ഇത്തരം കഥകൾ? തബ്ലീഗുകാർ ഇതൊക്കെ വിശ്വസിക്കുന്നുണ്ടോ? കഷ്ടം! എന്നല്ലാതെ എന്തു പറയും. സൂഫികളുടെ മുമ്പിൽ ബുദ്ധി പണയംവെച്ചവർ എന്തും വിശ്വസിക്കും!

ഖബർ പിളരുകയും, മരിച്ചവർ ഖബറിൽ നിന്ന് പുറത്തുവന്ന് ഹദ്‌യകൾ പെറുക്കി ക്കൂട്ടുന്നതും ഇവരുടെ കഥകളിലുണ്ട്. ചിരിക്കുകയല്ലാതെ എന്തുചെയ്യും. ഒരുകഥ ഇവിടെ പറയാം. ഹള്റത്ത് സ്വാലിഹ് മുരിയ്യ് പറയുന്നു: ''ഞാൻ ഇപ്രകാരം സ്വപ്നം കണ്ടു. ഖബറുകളെല്ലാം പിളരുകയും അതിൽ നിന്നും മരിച്ച ആളുകളെല്ലാം പുറത്തേക്ക് വരികയും അന്യോന്യം ചിരിച്ച് സന്തോഷിച്ച് സംഭാഷണം നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അക്കൂട്ടത്തിൽ ഒരു യുവാവ് ഖബ്റിൽ നിന്നും പുറപ്പെട്ടു. അയാളുടെ വസ്ത്രങ്ങളെല്ലാം അഴുക്ക് പിടിച്ച് വളരെ ദുഃഖിതനായി ഒരുഭാഗത്ത് മാറിയിരിക്കുന്നു. അൽപസമയത്തിനുശേഷം ആകാശത്തുനിന്നും വളരെയധികം മലക്കുകൾ ഇറങ്ങിവന്നു. അവരുടെ കൈകളിൽ പ്രകാശത്താലുള്ള കൈലേസുകൊണ്ട് മൂടപ്പെട്ട തളികകളും ഉണ്ടായിരുന്നു. അവർ ആ മനുഷ്യർക്ക് ഓരോരുത്തർക്കും ഓരോ തളിക കൊടുത്തു. അത് വാങ്ങിയവരോരോരുത്തരായി അവരുടെ ഖബറുകളിലേക്ക് പൊയ്ക്കൊണ്ടിരുന്നു. ഈ തളികകളിൽ ജീവിച്ചിരിക്കുന്നവർ അവരുടെ മരിച്ചവർക്ക് വേണ്ടി അയച്ച ഹദ്‌യകളാണ്.'' (സ്വദഖയുടെ മഹത്വങ്ങൾ പേ. 160) ഇത്തരം കഥകൾ പല കിതാബുകളിലുമായി സക്കരിയ്യാ സാഹിബ് ആവർത്തിക്കുന്നുണ്ട്. വിശ്വാസം അരക്കിട്ട് ഉറപ്പിക്കാൻ തന്നെ. തബ്ലീഗുകാരുടെ തനിനിറം അവരുടെ കഥകളിലുണ്ട്. അതെല്ലാം അറിഞ്ഞിട്ടും കൂട്ടം കെട്ടി അവരോടൊപ്പം ടൂർ നടത്തുന്നത് വിശ്വസിച്ചുകൊണ്ടോ? അതോ, ആശ്വാസത്തിനുവേണ്ടിയോ? ഇത്തരം കഥകൾ എഴുതി കിതാബാക്കുന്ന മൗലാനമാരെ അന്ധമായി അനുകരിക്കുന്ന അനുയായികൾ, പാവങ്ങൾ!!